വെണ്ണിയോട് ചെറുപുഴയിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു

കോട്ടത്തറ: കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ വെണ്ണിയോട് ചെറുപുഴയിൽ മൂന്നുലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഉൾനാടൻ മത്സ്യസമ്പത്തും മത്സ്യ ഉത്പാദനവും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായാണ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചത്. കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഉപാധ്യക്ഷൻ വി.എൻ. ഉണ്ണികൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. കട്‌ല, രോഹു, സൈപ്രിനസ് ഇനത്തിൽപ്പെട്ട മൂന്നുലക്ഷം മത്സ്യകുഞ്ഞുങ്ങളെയാണ് വെണ്ണിയോട് ചെറുപുഴയിൽ നിക്ഷേപിച്ചിരിക്കുന്നത്. ഫിഷറീസ് അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ സി. രാജു, സി. ആഷിഖ്ബാബു സംസാരിച്ചു.

എസ് വൈ എസ് ആദർശ സമ്മേളനം

കൽപറ്റ: ഇസ് ലാമിന്റെ ആദർശങ്ങളും ആചാരങ്ങളും വികല മാക്കുന്നതിനെതിരെ ആദർശ സമ്മേളനംനടത്താൻ എസ് വൈ എസ് ജില്ലാ ആദർശ സമിതി തീരുമാനിച്ചു എസ് വൈ എസ് സംസ്ഥാന നേതാക്കൾ നേതൃത്വം നൽകുന്ന ആദർശ മുഖാമുഖം പരിപാടി ഡിസംബർ ആദ്യവാരം കൽപ്പറ്റയിൽ നടക്കും. തൗഹീദ്, നബിദിനം, തവസ്സുൽ, ഇസ്തിഗാസ തുടങ്ങി അഞ്ചോളം വിഷയങ്ങളിൽ നടക്കുന്ന മുഖാമുഖം ചർച്ചാ സംഗമത്തിൽ സംശയ നിവാരണത്തിനും അവസരമുണ്ടാകും

ജനത്തെ വലച്ച് ഹർത്താൽ; ജില്ലയിൽ പരക്കെ ആക്രമണം; മാധ്യമപ്രവർത്തകനെ കയ്യേറ്റം ചെയ്തു

കൽപ്പറ്റ: ഹിന്ദു ഐക്യവേദി സംസ്ഥാന അധ്യക്ഷ കെ പി ശശികലയെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് പ്രഖ്യാപിച്ച അപ്രതീക്ഷിത ഹർത്താലിൽ വയനാട്ടിൽ ജനം വലഞ്ഞു. ഹർത്താൽ അനുകൂലികൾ ജില്ലയിലുടനീളം വ്യാപകമായി വഴിതടയുകയും നിർബന്ധിച്ച് കടകമ്പോളങ്ങൾ അടപ്പിക്കുകയും ചെയ്തു. പലയിടത്തും ക്രമസമാധാനം നിലനിർത്തേണ്ട പൊലീസുകാർ കാഴ്ചക്കാരായി മാറി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഹർത്താൽദിവസമായ ഇന്നലെ വിവിധ ആക്രമസംഭവങ്ങളും റിപ്പോർട്ട് ചെയ്തു. പ്രാദേശികചാനലായ വയനാട് വിഷന്റെ റിപ്പോർട്ടർ സിജു സാമുവലിനെ ഹർത്താൽ അനുകൂലികൾ കയ്യേറ്റം ചെയ്തു. വയനാട് റെയിൽപാതക്കായി സംഗീതപരിപാടിയിലൂടെ ഒറ്റയാൾപോരാട്ടം നടത്തിവരുന്ന ഗിന്നസ് ജേതാവായ തൃശ്ശൂർ നസീറിനെ ഒരു സംഘം ആളുകൾ മർദ്ദിച്ചു. കൽപ്പറ്റ പിണങ്ങോട് ജംങ്ഷന് സമീപത്ത് വെച്ച് വാഹനത്തിന് നേരെ ഹർത്താൽ അനുകൂലികളിൽ ചിലർ കത്തിവീശിയതായും റിപ്പോർട്ടുണ്ട്. കൽപ്പറ്റ-മാനന്തവാടി റൂട്ടിൽ കമ്പളക്കാട് വെച്ച് ഹർത്താൽ അനുകൂലികൾ ടിപ്പർ ലോറിയുടെ ഗ്ലാസ്സുകൾ എറിഞ്ഞുതകർത്തു. സംഭവവുമായി ബന്ധപ്പെട്ട് പൊലീസ് ഒരാളെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പുലർച്ചെ പ്രഖ്യാപിച്ചതായതിനാൽ തന്നെ രാവിലെ ഹർത്താലാണന്നറിയാതെ കടകമ്പോളങ്ങൾ തുറന്ന വ്യാപാരികൾ പ്രതിഷേധത്തെ തുടർന്ന് പിന്നീട് കടകൾ അടച്ചു. ഹോട്ടലുകൾ, ബേക്കറികൾ, മറ്റ് ഭക്ഷ്യസംസ്ക്കരണയൂണിറ്റുകൾ എന്നിവിടങ്ങളിൽ അതിരാവിലെ തന്നെ തയ്യാറാക്കിയ ഭക്ഷണസാധനങ്ങളും മറ്റും വെറുതെയായി. രാവിലെ പത്ത് മണി വരെ ജില്ലയെ ഹർത്താൽ തീരെ ബാധിച്ചിരുന്നില്ല.

കൽപ്പറ്റ പിണങ്ങോട് ജംങ്ഷൻ നിശ്ചലമായപ്പോൾ

പിന്നീട് പത്ത് മണിക്ക് ശേഷം ഹർത്താൽ അനുകൂലികൾ കൂട്ടത്തോടെ നഗരങ്ങളിലും ഗ്രാമങ്ങളിലു മിറങ്ങി തുറന്നുവെച്ച കടകമ്പോളങ്ങൾ അടപ്പിക്കുകയും, വാഹനങ്ങളും മറ്റും തടയുകയും ചെയ്തു. ഹർത്താലാണെന്നറിയാതെ വിവിധ സ്ഥലങ്ങളിലേക്ക് പോകാനിറങ്ങിയവർ വാഹനങ്ങൾ കിട്ടാതെ വലഞ്ഞു. രാവിലെ സുൽത്താൻബത്തേരിയിൽ നിന്നും പൊലീസ് സംരക്ഷണയോടെ കോഴിക്കോട്ടേക്ക് സർവ്വീസ് ആരംഭിച്ച കെ എസ് ആർ ടി സി ബസുകൾ ഹർത്താലനുകൂലികൾ ബത്തേരി അസ്‌പംഷൻ ജംങ്ഷനിൽ വെച്ച് തടഞ്ഞു. തുടർന്ന് പൊലീസ് ഹർത്താൽ അനുകൂലികളുമായി നടത്തിയ ചർച്ചക്ക് ശേഷമാണ് ബസുകൾ വിട്ടത്. നേരത്തെ അതിരാവിലെ ചില സ്വകാര്യബസുകൾ ജില്ലയിൽ നിരത്തിലിറങ്ങിയെങ്കിലും പിന്നീട് ഹർത്താലാണെന്നറിഞ്ഞതോടെ സർവ്വീസ് അവസാനിപ്പിച്ചു. മറ്റ് ഹർത്താലുകളിൽ നിന്നും വിഭിന്നമായി ഇത്തവണ അക്രമസംഭവങ്ങൾ ഭയന്ന് സ്വകാര്യ വാഹനങ്ങൾ പരിമിതമായി മാത്രമാണ് പത്ത് മണിക്ക് ശേഷം നിരത്തിലിറങ്ങിയത്. സുൽത്താൻബത്തേരി, മാനന്തവാടി, സുൽത്താൻബത്തേരി തുടങ്ങിയ ജില്ലയിലെ പ്രധാന നഗരങ്ങളിൽ ഹർത്താലനുകൂലികൾ പ്രകടനം നടത്തി.

സംഘം ചേർന്ന് വാഹനങ്ങൾ തടയുകയും, കടകമ്പോളങ്ങൾ അടപ്പിക്കുകയും ചെയ്തു. ചെറുടൗണുകളായ മീനങ്ങാടി, മേപ്പാടി, പടിഞ്ഞാറത്തറ, പനമരം, കേണിച്ചിറ, പുൽപ്പള്ളി എന്നിങ്ങനെ ജില്ലയിലെ പ്രധാനസ്ഥലങ്ങളെല്ലാം തന്നെ ഹർത്താലിൽ നിശ്ചലമായി. അതേ സമയം, മാധ്യമപ്രവർത്തകനെ കയ്യേറ്റം ചെയ്ത് കടുത്ത പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. ജില്ലയിലെ പ്രാദേശിക ചാനലായ വയനാട് വിഷന്റെ പടിഞ്ഞാറത്തറ റിപ്പോർട്ടർ സിജു സാമുവലിന് നേരെയാണ് കയ്യേറ്റമുണ്ടായത്. പടിഞ്ഞാറത്തറയിൽ നിന്നും ഹർത്താൽ അനുകൂലികൾ നടത്തിയ പ്രതിഷേധപരിപാടികൾ റിപ്പോർട്ട് ചെയ്ത ശേഷം കൽപ്പറ്റയിലേക്ക് മടങ്ങിവരുന്ന വഴിയാണ് കാവുമന്ദത്ത് വെച്ച് ഒരു സംഘം ആളുകൾ സിജുവിനെയും സുഹൃത്തിനെയും കയ്യേറ്റം ചെയ്തത്. സിജുവിനെ കയ്യേറ്റം ചെയ്യുന്നത് ചിത്രീകരിച്ച സുഹൃത്തിന്റെ മൊബൈൽ ബലമായി പിടിച്ചുവാങ്ങി ദൃശ്യങ്ങൾ ഡിലീറ്റ് ചെയ്ത് ഫോൺ നിലത്തെറിഞ്ഞതായും പറയുന്നു. പിന്നീട് പൊലീസെത്തിയാണ് സിജുവിനെയും സുഹൃത്തിനെയും മോചിപ്പിച്ചത്. സിജു സാമു വലിനെ കൈയേറ്റം ചെയ്യാൻ ശ്രമിച്ചതിൽ വയനാട് പ്രസ് ക്ലബ്‌ശക്തമായി പ്രതിഷേധിച്ചു. കുറ്റക്കാരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കണെമെന്നും ആവശ്യപ്പെട്ടു.

ഹർത്താൽ അനുകൂലികൾ കൽപ്പറ്റ നഗരത്തിൽ വാഹനങ്ങൾ തടയുന്നു

പാൽവെളിച്ചത്ത് കുരങ്ങ് ശല്യം രൂക്ഷം: വനപാലകരെ ഉപരോധിച്ച് പ്രതിഷേധിച്ചു

മാനന്തവാടി: പാൽവെളിച്ചം പ്രദേശത്ത് കുരങ്ങ് ശല്യം രൂക്ഷമാകുന്നു. അളില്ലത്ത വീടുകളിൽ ഓടുപൊളിച്ച് വീടിനുള്ളിൽ കയറി പാകം ഭക്ഷണസാധനങ്ങളും വിട്ടു ഉപകരണങ്ങളും നശിപ്പിക്കുന്നത് പതിവാവുകയാണ്. പാൽ വെളിച്ചം കുണ്ടുക്കാട്ടിൽ കൃഷ്ണന്റെ വീട്ടിൽ കയറി കുരങ്ങുകൾ ഭക്ഷണ സധാനങ്ങളും വിട്ടു ഉപകരണങ്ങളും കിടക്ക, തുണികൾ എന്നിവയും നശിപ്പിച്ചു. കുരങ്ങ് ശല്യത്തിന് പരിഹാരവും ഉന്നത വനപാലകർ എത്തണമെന്നും ആവശ്യപ്പെട്ട് നാട്ടുകാർ സ്ഥലത്ത് എത്തിയ വനപാലകരെ 12 മണിയോടെ ഉപരോധിച്ചു. മണിയോടെ സ്ഥലത്ത് എത്തിയ ബേഗൂർ റെയിഞ്ച് ഓഫിസർ കെ.പി.അബ്ദുൾസമദ് നടത്തിയ ചർച്ചയിൽ കുരങ്ങുകളെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുമെന്നും പ്രദേശത്ത് വനം വകുപ്പ് വച്ചറുമാരുടെ സേവനവും ഭക്ഷണവും വീട്ടുപകരണങ്ങളും കുരങ്ങുകൾ നശിപ്പിച്ച കൃഷ്ണന് അർഹമായ നഷ്ടപരിഹാരം നൽക്കുമെന്നും റെയിഞ്ച് ഓഫിസർ ഉറപ്പ് കൊടുത്തതിനെ തുടർന്ന് സമരം അവസാനിച്ചു.സമരത്തിന് സണ്ണി ജോർജ്, പ്രദീപൻ പാലങ്കര, ടി.സി ജോസഫ്, ടി.ആർ .മോഹനൻ, ശ്യംകുമാർ, എന്നിവർ നേതൃത്വം നൽകി.

ജില്ലയിലെ നാട്ടാനകളുടെ കണക്കെടുപ്പ് നവംബർ 22ന്

കൽപ്പറ്റ: ജില്ലയിലെ നാട്ടാനകളുടെ കണക്കെടുപ്പ് നവംബർ 22ന് നടക്കും. ഇതിനായി മൂന്നംഗ ടീമിനേയും നിയോഗിച്ചു. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ നാട്ടാനകളുടെ കണക്കെടുപ്പും തിരിച്ചറിയിലും നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ സംസ്ഥാന വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 2018 നവംബർ 22ന് കണക്കെടുപ്പ് പൂർത്തീകരിക്കാനാണ് നിർദ്ദേശം. പൊതുജനങ്ങൾ, പരിസ്ഥിതി-സന്നദ്ധ സംഘടനാപ്രവർത്തകർ, പൊതുപ്രവർത്തകർ, വെറ്റനറി-വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിലാണ് നാട്ടാനകളുടെ കണക്കെടുപ്പ്. ജില്ലയിൽ പ്രധാനമായും സ്ഥിരമായുള്ള ആനകളുടേയും ജില്ലയിലേക്ക് കൊണ്ടുവന്ന ആനകളുടേയും മുത്തങ്ങ ക്യാമ്പിലുള്ള ആനകളുടേയും കണക്കെടുപ്പാണ് നവംബർ 22ന് പൂർത്തിയാക്കുക. ജില്ലയിലേക്ക് നാട്ടാനകളെ കടത്തിക്കൊണ്ടു വരുന്നത് പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ കൽപ്പറ്റ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ വിളിച്ചറിയിക്കണമെന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. ഫോൺ-04936 203848.

പി എസ് സി പരിശീലനം

കൽപ്പറ്റ: പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.എസ്.സി. മത്സര പരീക്ഷ പരിശീലനം നൽകുന്നു.പി.എസ്.സി.യുടെ വിവിധ ഒഴിവുകളിലേക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് മുൻഗണന. വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു. പ്രായം 16നും 35നും മധ്യേ. താലൂക്കടിസ്ഥാനത്തിലാണ് കൂടിക്കാഴ്ച. മാനന്തവാടി: 29ന് രാവിലെ 10 മുതൽ മൂന്ന് വരെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഹാൾ. സു. ബത്തേരി: 28ന് 10 മുതൽ മൂന്ന് വരെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്. വൈത്തിരി: 30ന് 10 മുതൽ മൂന്ന് വരെ കൽപ്പറ്റ അമൃദ്.

പുൽപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരില്ല, രോഗികൾ ദുരിതത്തിൽ

പുൽപ്പള്ളി: പുൽപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്ര (പി.എച്ച്.സി.) ത്തിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തത് രോഗികൾക്ക് ദുരിതമാകുന്നു. ദിവസേന 500-ൽ അധികം രോഗികളെത്തുന്ന മൂന്ന് പഞ്ചായത്തുകളുടെ ആശ്രയമായ പുൽപ്പള്ളി ഗവ. ആശുപത്രിയിൽ മെഡിക്കൽ ഓഫീസറടക്കം നാലുപേരാണ് ഡ്യൂട്ടിക്കുള്ളത്. ഇതിൽ രണ്ടുപേർ എപ്പോഴും പുറത്തുള്ള ക്യാമ്പുകളിലും മറ്റുമായിരിക്കും ജോലി ചെയ്യുക. ഫലത്തിൽ രണ്ടു ഡോക്ടർമാർ മാത്രമാണ് 500 ലധികം രോഗികളെ പരിശോധിക്കാനുണ്ടാവുക. ഇതുമൂലം ശരിയായ ചികിത്സ ലഭിക്കുന്നില്ലെന്ന് രോഗികൾ പറയുന്നു. ഇതിനു പരിഹാരമായി അടിയന്തിരമായി ഇവിടെ സായാഹ്ന ഒപി ആരംഭിക്കണമെന്ന് ആശുപത്രി വികസന സമിതിയും ആവശ്യപ്പെടുന്നു. ആദിവാസികളടക്കമുള്ള നിരവധി പേർ ചികിത്സ തേടുന്ന ഇവിടെ ഗൈനക്കോളജി ഡോക്ടറില്ലാത്തതുമൂലമുള്ള ദുരിതവും ഏറെയാണ്. രാത്രികാലങ്ങളിൽ ഇവിടെ മതിയായ ചികിത്സാ സൗകര്യങ്ങളില്ലാത്തതിനാൽ രോഗികളെ 25 കിലോമീറ്ററോളം ആനക്കാട്ടിലൂടെ യാത്രചെയ്തുവേണം ബത്തേരിയിലോ, മാനന്തവാടി ആശുപത്രിയിലോ എത്തിക്കാൻ. അതുകൊണ്ട് ശസ്ത്രക്രിയ അടക്കമുള്ള സമ്പൂർണ്ണ ചികിത്സയ്ക്ക് രാത്രികാലങ്ങളിലും സംവിധാനം ഒരുക്കണം. ആശുപത്രിക്കായി പണിയുന്ന മൂന്നുനില കെട്ടിടത്തിന്റെ ഉദ്ഘാടനം മാർച്ച് മാസത്തോടെ നടത്തുമ്പോൾ പൂർണ്ണായി സൗകര്യമൊരുക്കാൻ നടപടി വേണമെന്ന് ആശുപത്രി വികസന സമിതി യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.എസ്. ദിലീപ് കുമാർ അധ്യക്ഷത വഹിച്ചു. ആരോഗ്യകാര്യ സ്ഥിരംസമിതി യംഗം മേഴ്സി ബെന്നി, മെഡി. ഓഫീസർ പ്രേംസുലജ ലത, സി.പി. ജോയി, എൻ.യു. ഉലഹന്നാൻ, കെ. ആർ. രമ്യ എന്നിവർ പ്രസംഗിച്ചു.

കുവൈറ്റിൽ നഴ്സ്

കൽപ്പറ്റ: കുവൈറ്റിലെ റോയൽ ഹയാത്ത് ആശുപത്രിയിലേയ്ക്ക് നോർക്ക റൂട്ട്സ് വഴി നഴ്സുമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്സ്.സി അല്ലെങ്കിൽ ജി.എൻ.എം യോഗ്യതയും മൂന്നുവർഷത്തെ പരിചയവും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. അവസാന തീയതി നവംബർ 26. ഇന്റർവ്യൂ കൊച്ചിയിൽ നടക്കും. ഫോൺ: 1800 425 3939.

സെൻട്രൽ സ്കൂൾ സ്പോർട്സ് 30 മുതൽ

കൽപ്പറ്റ: കേന്ദ്രീയ സിലബസ്സിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.സി, ഐ.സി.എസ്.സി, നവോദയ, സെൻട്രൽ സ്കൂൾ എന്നിവയെ പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല സെൻട്രൽ സ്കൂൾ സ്പോർട്സ് നവംബർ 30, ഡിസംബർ ഒന്ന് തീയ്യതികളിൽ കൽപ്പറ്റയിൽ നടത്തും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി അണ്ടർ 14, അണ്ടർ 17, അണ്ടർ 19 എന്നീ വിഭാഗങ്ങളിലായി അത്‌ലറ്റിക്സിലും, അണ്ടർ 19 വിഭാഗത്തിൽ ആൺകുട്ടികൾക്കു മാത്രമായി ഫുട്ബോളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ എന്നീ ഇനങ്ങളിലുമായിരിക്കും മത്സരങ്ങൾ. അത്‌ലറ്റിക്സ് അണ്ടർ 14 വിഭാഗത്തിൽ 100, 200, 400, 600, ഹൈജംമ്പ്, ലോങ്ങ്ജംമ്പ്, ഷോട്ട്പുട്ട്, ഡിസ്ക്കസ് ത്രോ, 4 മീറ്റർ റിലെ എന്നീ ഇനങ്ങളിലും, അണ്ടർ 17 വിഭാഗത്തിൽ 100, 200, 400, 800, 1500, 3000, ഹൈജംമ്പ്, ലോങ്ങ്ജംമ്പ്, ഷോട്ട്പുട്ട്, ഡിസ്ക്കസ് ത്രോ, 4x100 മീറ്റർ റിലെ എന്നീ ഇനങ്ങളിലും, അണ്ടർ 19 വിഭാഗത്തിൽ 100, 200, 400, 800, 1500, 3000, ഹൈജംമ്പ്, ലോങ്ങ്ജംമ്പ്, ട്രിപ്പിൾ ജംമ്പ്, ഷോട്ട്പുട്ട്, ഡിസ്ക്കസ് ത്രോ, 400 മീറ്റർ റിലെ, 400 മീറ്റർ റിലെ എന്നീ ഇനങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. നവംബർ 30-ന് ഗെയിംസ് മത്സരങ്ങളും, ഡിസംബർ 1-ന് അത്‌ലറ്റിക്സ് മത്സരങ്ങളും നടത്തും. മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായുള്ള എൻട്രികൾ നവംബർ 21-ന് വൈകുന്നേരം 4 മണിക്ക് മുമ്പായി സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് എന്ന വിലാസത്തിലോ ഇമെയിൽ ആയോ ലഭിക്കണമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി അറിയിച്ചു.

ഹർത്താൽ അനുകൂലികൾ യുവാക്കളെ മർദിച്ചതായി പരാതി

അമ്പലവയൽ: ശനിയാഴ്ച്ച ഹിന്ദു ഐക്യവേദി പ്രഖ്യാപിച്ച ഹർത്താൽ ദിനത്തിൽ വാഹനവുമായി എത്തി എന്നാരോപിച്ച് രണ്ട് യുവാക്കളെ മർദിച്ചതായി പരാതി. ശനിയാഴ്ച്ച രാവിലെ ഏഴ് മണിക്ക് ജോലിക്ക് പോകുന്നതിനിടെ അമ്പുകുത്തി പാറക്കടവ് സ്വദേശി കാവും കുന്നിൽ കിരൺ (22)നെ ടൗണിൽ തടയുകയും മുഖത്ത് അടിക്കുകയും ഇരുചക്ര വാഹനത്തിന്റെ താക്കോൽ ഹർത്താൽ അനുകൂലികൾ എടുത്തു കൊണ്ടു പോയതുമായാണ് പരാതി. ആയിരം കൊല്ലി ലീലാ സദനത്തിൽ മൈജു (35)വിനെ വീട്ടിലേക്ക് മടങ്ങുന്നതിനിടെ രാവിലെ ഒമ്പതു മണിയോടെ ഹർത്താൽ അനുകൂലികൾ തടയുകയും മുഖത്തടിക്കുകയും ചെയ്തതായാണ് പരാതി. ഇരുവരും അമ്പലവയൽ സാമൂഹിക ആരോഗ്യ ആരോഗ്യ കേന്ദ്രത്തിൽ ചികിസയിലാണ്. അമ്പലവയൽ പോലീസ് മൊഴി രേഖപെടുത്തിയതായി ചികിൽസയിലുള്ള കിരണും, മൈജുവും പറഞ്ഞു.

ഹർത്താൽ അനുകൂലികൾ മർദ്ദിച്ചതിനെ തുടർന്ന് ചികിത്സയിൽ കഴിയുന്ന മൈജു, കിരൺ എന്നിവർ

ഹർത്താലുണ്ടാക്കിയ നഷ്ടം ലക്ഷങ്ങൾ, പാഴായത് 2500 പേർക്കുള്ള ഭക്ഷണം

കൽപ്പറ്റ: അതിശക്തമായ പ്രളയക്കെടുതി നേരിട്ട സംസ്ഥാനത്ത് ചിലവ് കുറച്ച് നടത്തിയ സ്കൂൾ കലോത്സവത്തിന് വിനയായി ഹർത്താൽ. ഹർത്താലിലെ തുടർന്ന് കലോത്സവം തിങ്കളാഴ്ചത്തേക്ക് മാറ്റി വെച്ചെങ്കിലും ശനിയാഴ്ച വടുവഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിലെത്തിച്ചേർന്നത് നിരവധി വിദ്യാർത്ഥികളും രക്ഷിതാക്കളുമായിരുന്നു. വെള്ളിയാഴ്ച ആരംഭിച്ച ജില്ലാകലോത്സവത്തിൽ നിരവധി മത്സരങ്ങൾ അവസാനിച്ചത് പുലർച്ചെയോടെയായിരുന്നു. ഈ മത്സരം കഴിഞ്ഞ് നേരം വെളുത്ത് പോകാനൊരുങ്ങിയവർക്ക് ഹർത്താലിനെ തുടർന്ന് വാഹനം കിട്ടാതായതും ദുരിതം ഇരട്ടിപ്പിച്ചു. വെള്ളിയാഴ്ച മത്സരം തുടങ്ങാൻ വൈകിയതാണ് പലയിനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

കലോത്സവനഗരിയിലെ പാചകപ്പുരയിൽ ഭക്ഷണം പാക ചെയ്തുകൊണ്ടിരിക്കുന്ന നിലയിൽ

അതുകൊണ്ട് തന്നെ വിദ്യാർത്ഥികളെയുമായെത്തിയ നിരവധി അധ്യാപകരും രാത്രിയിൽ കലോത്സവം നടക്കുന്ന വടുവഞ്ചാൽ സ്കൂളിൽ കുടുങ്ങിപ്പോയിരുന്നു. മത്സരാർത്ഥികൾക്കും മറ്റുമായി കലോത്സവനഗരിക്ക് സമീപത്തുള്ള പള്ളികളിലും മറ്റ് സ്വകാര്യസ്ഥാപനങ്ങളിലുമായായാണ് താമസസൗകര്യം ഒരുക്കിയിരുന്നത്. പലരും നേരം വെളുത്ത ശേഷമാണ് ഹർത്താലാണെന്നറിയുന്നത്. അതേസമയം, ചിലവു കുറച്ച് നടത്തിയ കലോത്സവത്തിന് ഹർത്താലുണ്ടാക്കിയത് ലക്ഷങ്ങളുടെ നഷ്ടമാണ്. പുലർച്ചെ തന്നെ 2500 പേർക്കുള്ള ഭക്ഷണം തയ്യാറാക്കിയിരുന്നു. വെള്ളിയാഴ്ച ഭക്ഷണം തികയാതെ വന്നതും നിരവധി പരാതികളും നേരിയ സംഘർഷവുമുണ്ടായിരുന്നു. ഇതിന് പരിഹാരം കാണുന്നതിനായാണ് സംഘാടകർ അതിരാവിലെ തന്നെ ഭക്ഷണം തയ്യാറാക്കാൻ തീരുമാനിച്ചത്. ഇത്തരത്തിൽ ഉച്ചഭക്ഷണത്തിനുള്ള കറികളും, ചോറുമടക്കം തയ്യാറായിരുന്നു. കലോത്സവത്തിനായി വിവിധ സ്റ്റേജുകൾക്കായി എടുത്ത ലൈറ്റ് ആന്റ് സൗണ്ട്സ്, കസേരയടക്കമുള്ള സാധനസാമഗ്രികൾ, വിധികർത്താക്കളുടെയും മറ്റും സാധനങ്ങൾ എന്നിവക്കെല്ലാം അധിക ചാർജ്ജ് നൽകേണ്ടി വരും. രാവിലെ തന്നെ ഹർത്താൽ അനുകൂലികൾ വടുവഞ്ചാലിലും മറ്റും വാഹനങ്ങൾ തടയുകയും കടകമ്പോളങ്ങൾ അടപ്പിക്കുകയും ചെയ്തിരുന്നു.

ഭക്ഷണശാലയിൽ നിന്നുള്ള കാഴ്ച

റവന്യൂജില്ലാ സ്കൂൾ കലോത്സവം

വേദികൾ നാളെ വീണ്ടും മിഴിതുറക്കും

ഹർത്താലിനെ തുടർന്ന് മാറ്റി വെച്ച ജില്ലാ സ്കൂൾ കലോത്സവം നാളെ വടുവഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ പുനരാരംഭിക്കും. ശനിയാഴ്ച വൈകിട്ടത്തോടെ സമാപിക്കേണ്ട കലോത്സവമാണ് തിങ്കളാഴ്ചത്തേക്ക് മാറ്റിയിരിക്കുന്നത്. ശനിയാഴ്ച രാവിലെ ഒമ്പത് മണി മുതൽ മുൻകൂട്ടി നിശ്ചയിച്ച സമയക്രമപ്രകാരം തന്നെയായിരിക്കും മത്സരങ്ങൾ നടക്കുകയെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. വെള്ളിയാഴ്ചത്തെ മത്സരപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ 54 ഇനങ്ങൾ പൂർത്തിയായപ്പോൾ 86 പോയിന്റോടെ കൽപ്പറ്റ എൻ എസ് എസ് ഒന്നാംസ്ഥാനത്തും, 53 പോയിന്റോടെ എം.ജി.എം.എച്ച്.എസ്.എസ് മാനന്തവാടി രണ്ടാംസ്ഥാനത്തും, 49 പോയിന്റ് നേടിയ മീനങ്ങാടി ജി എച്ച് എസ് എസ് മൂന്നാം സ്ഥാനത്തുമാണുള്ളത്. ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗത്തിൽ 80 പെയിന്റോടെ ജി.എച്ച്.എസ്.എസ്.മീനങ്ങാടി ഒന്നാം സ്ഥാനത്തും 68 പെയിന്റോടെ ഡബ്ലു.ഒ.എച്ച്.എസ്.എസ് .പിണങ്ങോട് രണ്ടാം സ്ഥാനത്തും 58 പെയിന്റോടെ ജി.വി.എച്ച്.എസ്.എസ്.മാനന്തവാടി മൂന്നാം സ്ഥാനത്തുമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ 92 ഇനങ്ങളിൽ 36 എണ്ണവും ഹയർ സെക്കണ്ടറി വിഭാഗത്തിൽ നൂറിൽ 31 ഇനങ്ങളും അറബിക് കലോത്സവത്തിൽ 19ൽ അഞ്ച് ഇനങ്ങളും സംസ്കൃത കലോത്സവത്തിൽ 18 ഇനങ്ങളിൽ നാലെണ്ണവുമാണ് ഇതുവരെ ഫലം വന്നത്. ബത്തേരി ഉപജില്ല 398 പോയിന്റോടെ ഒന്നാമതും മാനന്തവാടി ഉപജില്ല 384 പോയിന്റോടെ രണ്ടാം സ്ഥാനത്തും വൈത്തിരി ഉപജില്ല 382 പോയിന്റോടെ മൂന്നാം സ്ഥാനത്തുമാണുള്ളത്. ഇനിയും നിരവധി മത്സരയിനങ്ങൾ പൂർത്തിയാകാനുണ്ട്. കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ചിലവ് കുറച്ചാണ് കലാമേള സംഘടിപ്പിച്ചതെങ്കിലും ഹർത്താലിനെ തുടർന്ന് മേള രണ്ട് ദിവസം മാറ്റിവെച്ചതിനെ തുടർന്ന് ലക്ഷകണക്കിന് രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കുകൾ.

കൗമാര തുടിപ്പിന് മേളതികവേകി പൂതാടി എസ് എൻ സ്കൂൾ

വടുവഞ്ചാൽ: വയനാട് ജില്ലാ കലോത്സവത്തിൽ മേളതികവേകി മിന്നും വിജയവുമായി പൂതാടി എസ്.എൻ.എച്ച്.എസ് താരങ്ങൾ.ഹയർ സെക്കണ്ടറി വിഭാഗം ചെണ്ട മേളത്തിൽ ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടിയിരിക്കുകയാണ് ഇവർ. ചെണ്ടമേളത്തിന്റെ താളം വടുവൻചാലിന്റെ മണ്ണിന് ഉണർവേകിയപ്പോൾ വിജയത്തിന്റെ സന്തോഷം പങ്കിടുകയാണ് ഈ പ്രതിഭകൾ.ജയദേവ് എം.എസ്, സുനീഷ് കെ.എസ്, അർജുൻ കെ,അമൃതപ്രിയൻ റ്റി.ആർ, സുമിത്ത് വി.എസ്, അശ്വിൻ രാജ് പി.എസ്, ഇന്ദ്രജിത്ത് എ.എസ് എന്നിവരാണ് ചെണ്ടമേളത്തിൽ സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടിയത്. വിജീഷ് മാരാർ മാസ്റ്ററുടെ കീഴിലാണ് ഇവർ ചെണ്ടമേളം അഭ്യസിക്കുന്നത്.

ജില്ലാ കലോത്സവം എച്ച് എസ് എസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ പൂതാടി എസ് എൻ എച്ച് എസ് സംഘം

പാഠകത്തിൽ ഇത്തവണയും ഒന്നാം സ്ഥാനം സ്വന്തമാക്കി അർച്ചിത എസ്

വടുവഞ്ചാൽ: വയനാട് ജില്ലാ റവന്യൂ സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം സംസ്കൃത പാഠകത്തിൽ ഒന്നാം സ്ഥാനം ഇത്തവണയും കരസ്ഥമാക്കി അർച്ചിത എസ്. സെന്റ് ജോസഫ് എച്ച് എസ് കല്ലോടിയിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയായ അർച്ചിത കഴിഞ്ഞ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പാഠകത്തിന് ബി ഗ്രേഡും ജില്ലാ റവന്യൂ സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയിട്ടുണ്ട്. കൊട്ടിയൂർ ഐ ജെ എം ഹയർ സെക്കന്ററി സ്കൂളിലെ സംസ്കൃതം അധ്യാപകനായ ഷിജു പി എന്ന തന്റെ പിതാവിൽ നിന്നാണ് പാഠക അവതരണത്തിന്റെ ശിഷ്യത്വം രണ്ടു വർഷമായി അർച്ചിത എസ് പരിശീലനത്തിലൂടെ സ്വന്തമാക്കിയത്. ഭൂതോ കച്ചതം എന്ന വിശയത്തെ അടിസ്ഥാനമാക്കിയാണ് അർച്ചിത ഇത്തവണ വേദിയിൽപാഠകം അവതരിപ്പിച്ചത്.സംസ്കൃതത്തെ ഹൃദയത്തിലേറ്റുന്ന ഈ അച്ഛനും മകൾക്കും സകലപിന്തുണയും നൽകി മാതാവായ ദിവ്യയും കൂടെയുണ്ട്. ദിവ്യ എള്ളുമന്ദം യു പി സ്കൂളിലെ സംസ്കൃതം അധ്യാപികയാണ്.

ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് സ്കൂൾ കലോൽത്സ നഗരി

വടുവഞ്ചാൽ: മുപ്പത്തി ഒമ്പതാമത് വയനാട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവം വടുവഞ്ചാൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടക്കുമ്പോൾ ഗ്രീൻ പ്രോട്ടോകോൾ മാതൃക പാലിച്ച് വടുവഞ്ചാൽ. കലോൽത്സവശേഷം വരുന്ന മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനാണ് ഈ മാതൃക സ്വീകരിച്ചിരിക്കുന്നത്. മനുഷ്യന് വലിയ ബാധ്യതയായി മാറുകയാണ് മാലിന്യങ്ങളുടെ അളവ്. തുടക്കം മുതലുള്ള മാലിന്യങ്ങളുടെ നിർമാർജനമാണ് സ്കൂൾ ലക്ഷ്യമിടുന്നത്. ഈ ചടങ്ങ് പരമാവധി പ്രകൃതി സൗഹൃദമാക്കാനുള്ള തയ്യാറെടുപ്പ് സ്കൂളിൽ നേരത്തെ നടത്തിയിരുന്നു.

കുച്ചുപ്പുഡിയിൽ കൃഷ്ണപ്രിയ

വടുവഞ്ചാൽ: ഹയർ സെക്കണ്ടറി വിഭാഗം കുച്ചുപ്പുഡി മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ മീനങ്ങാടി ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി ടി. കൃഷ്ണപ്രിയക്ക്. കഴിഞ്ഞ നാല് വർഷം തുടർച്ചയായി മോഹിനിയാട്ടത്തിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയിരുന്നു.